<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5408</u> <u>21-07-2022 - ൽ മറുപടിയ്ക്ക്</u>

<u>കളിസ്ഥലങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിന് നടപടികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കളിസ്ഥലങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിന് സർക്കാരിന്റെ കീഴിൽ അക്രെഡിറ്റഡ് ഏജൻസികൾ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | **കളിസ്ഥലങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി കായിക യുവജനകാര്യാലയത്തിന്റെ കീഴിൽ പൊതുമേഖല കമ്പനിയായി സ്പോർട്സ് കേരള ഫൗണ്ടേഷൻ 2021 ഒക്ടോബർ 01 ന് തിരുവനന്തപുരം ആസ്ഥാനമാക്കി രൂപീകരിച്ചിട്ടുണ്ട്.**<br><br>**സംസ്ഥാനത്തെ കായിക അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം, പരിപാലനം, സൗകര്യ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സംയോജിത മൂലധന നിർമ്മാണ മാനേജ്മെന്റ് കമ്പനിയായിട്ടാണ് സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവർത്തിക്കുന്നത്. സർക്കാർ അനുമതി നൽകിയതും കായിക എഞ്ചിനീയറിംഗ് വിഭാഗം നടത്തിയിരുന്ന എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തുന്നതിനുള്ള ചുമതലയും ഈ കമ്പനിയിൽ നിക്ഷിപ്തമാണ്. കിഫ്ബി പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബി പദ്ധതിയിൽ പൂർത്തീകരിക്കുന്ന വിവിധ സ്റ്റേഡിയങ്ങളുടെ മാനേജ്മെന്റ്/മെയിന്റനൻസ് സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്.**<br><br>**കൂടാതെ 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' എന്ന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.** |
| (ബി) | ശാസ്ത്രീയമായ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനായി സ്പോർട്സ് വകുപ്പ് എന്തെങ്കിലും സഹായം | (ബി) | **കായിക യുവജനകാര്യാലയത്തിന്റെ കീഴിലുള്ള സ്റ്റേഡിയങ്ങളുടെ പരിപാലനം/നടത്തിപ്പ്, കൂടാതെ** |

| | | | |
|---|---|---|---|
| | നൽകുന്നുണ്ടോ; വ്യക്തമാക്കാമോ? | | **ബഡ്ജറ്റ് പ്ലാൻ ഫണ്ട്, കിഫ്ബി ധനസഹായത്തോട്ടു കൂടിയുള്ള പദ്ധതികൾ എന്നിവയ്ക്ക് ധനസഹായം അനുവദിക്കാറുണ്ട്.**<br><br>**കൂടാതെ ശാസ്ത്രീയ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഒരു കോടി രൂപ അടങ്കൽ തുക കണക്കാക്കുന്ന 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' എന്ന പദ്ധതിയുടെ ഭാഗമായി പ്ലാൻ ഫണ്ടിൽ നിന്നും 50% കായിക വകുപ്പും ബാക്കി വരുന്ന 50% ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നും സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്.** |

സെക്ഷൻ ഓഫീസർ